വിഷയം: സൈബർ സ്പേസിൽ ഒരു പൂമ്പാറ്റ

# വീണ്ടുമൊരു യേശു

ബോധിവൃക്ഷച്ചുവട്ടിൽ ഇരുട്ടു പടർന്നപ്പോൾ
സമാധാനത്തിന്റെ വെള്ളരിപ്രാവുകൾ
ചക്രവാളം തേടിപ്പറന്നപ്പോൾ
ചുവന്ന കൽകുരിശുകൾ നിറഞ്ഞ
ഭൂമിയിൽ വലിച്ചെറിഞ്ഞ ഇമെയിലിലൂടെ
അവൾ ദൈവത്തിനയച്ചു.
അവൾ:
"പിതാവേ, എനിക്ക് യേശുവാകണം"
ഒരു നിമിഷം; അവൾക്കു മുന്നിൽ
സ്വർഗത്തിന്റെ വാതിൽ തകർന്നുവീണു.
മരണം കാത്തു കിടന്നവരുടെ ഹൃദയം
ഒരു നിമിഷം അവൾക്കായി മിടിച്ചു.
എല്ലു കടിച്ചു കീറുന്ന കുറുക്കന്മാർ
വരച്ചിട്ട ചിരിയുമായി പിറകിലേക്ക് മാറി നിന്നു
കഴുകന്മാരും ഒരു നിമിഷം
ഇരുട്ടിനെ ഭയന്നു.
ദൈവം:

"മക്കളേ,
ഭൂമി കീഴടക്കിയ മുറിമീശക്കാരൻ
നിന്നെ വെടിവെച്ചിടാൻ ഉത്തരവിടും.
പാപം ചെയ്തവരെല്ലാം
നിന്നെ കല്ലെടുത്തെറിയും
നിന്റെ തുടയിലെ മാംസം കൊണ്ടവർ
അവരുടെ ത്രാസ് തുല്യമാക്കും
മൂന്നടി മണ്ണിനു പകരം.
അവർ നിന്നെ ചവിട്ടിതാഴ്ത്തും.
രക്തവും മലവും മൂത്രവും ശുക്ലവും
നിറഞ്ഞ വഴിയിലൂടെ അവർ നിന്നെ തെളിക്കും.
ഹൃദയത്തിൽ കുത്തിയിറക്കിയ മുക്കുകയറിലൂടെ
ആത്മാവ് ഒലിച്ചിറങ്ങി വീഴുന്നത് കണ്ട്
അവർ ആർത്തുചിരിക്കും.
മദ്യലഹരിയിൽ, വെള്ളത്തെ വീഞ്ഞാക്കിയതിന്റെ
ശാസ്ത്രീയ വശങ്ങൾ അവർ ആരായും.
നിന്റെ സ്തനത്തിലും ജനനേന്ദ്രിയത്തിലും
അവർ പച്ചലോഹം പകർന്നൊഴിക്കും
നിന്റെ ഭയം കുപ്പിയിലാക്കി

അവർ പരസ്പരം പകർന്നുകുടിക്കും
തൊഴുകൈയിൽ തോക്കുകൾ ഒളിപ്പിച്ച്
നിനക്കു നേരെ അവർ വെടിയുതിർക്കും.
'കാലിൽ കൊത്തിയ വിഷത്തെക്കാൾ
വീര്യം കൂടിയവ
നിന്റെ മഷി പുരണ്ട പുസ്തകത്തിൽ
അവർ ചേർക്കും'
'ശ്വാസം ഉള്ളിലേക്കെടുക്കുവാൻ വെമ്പുന്ന
നിന്നെ അവർ വീടിന്റെ ഉത്തരത്തിൽ ~~കെട്ടിത്തൂക്കി~~
കെട്ടിത്തൂക്കിവിൽക്കും'
കനലിൽ കിടത്തിയ നിന്റെ മൃതശരീരത്തിനു
മുകളിൽ കയറി അവർ നൃത്തം ചെയ്യും
അവസാനം, കണ്ണടച്ച പ്രതിമയെ സാക്ഷിയാക്കി
അവർ നിന്നെ കീഴടക്കും.
പിന്നീട്,
"നിന്റെ ഹൃദയത്തിൽ നിന്ന്
പാപക്കറ വീണ കൈകളാൽ
അവർ ഒരു കുരിശ് നിർമ്മിക്കും.
പച്ചയുടെ അവസാന സ്മാരകമായ

ഒരു ചുവന്ന കൽക്കുരിശ്...."

'ഇത്രയും പറഞ്ഞ്...

ദൈവം...

വിറയ്ക്കുന്ന കൈകളാൽ

ഇമെയിലുകൾ ഓടുന്ന അവളുടെ പൊക്കിൾക്കൊടി

മുറിച്ചുമാറ്റി....'